# പതിമൂന്നാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5612 29/07/2015 ൽ മറുപടിക്ക്

## പി. എസ്.സി. നിയമനങ്ങൾ

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) 31.03.2015 - ൽ നിലവിലുള്ളതും 29.09.2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക്‌ലിസ്റ്റുകളുടെയും കാലാവധി സർക്കാർ ശിപാർശ പ്രകാരം ചില വ്യവസ്ഥകൾക്കു വിധേയമായി പി.എസ്.സി 30.09.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) വിവിധ തസ്തികകളിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒഴിവുകൾ വകുപ്പ് അധികാരികൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി)യും (സി)യും ഇത്തരം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) 2010 ജൂൺ മാസത്തിൽ നിലവിൽ വന്ന തൃശ്ശൂർ ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; | (ഡി) 16.12.2014 - ന് നാലരവർഷം പൂർത്തിയായി കാലാവധി അവസാനിച്ചു. |
| (ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇനിയും നിയമനം നടത്താൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 399 പേർക്ക് നിയമന ശിപാർശ നൽകിയിരുന്നു. റദ്ദായ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ